15. തൃത്താല മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. വി.കെ. ചന്ദ്രൻ : സർ, തൃത്താല നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പരുത്തൂർ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കാൻ ഉപകരിക്കുന്ന ഊട്ടുപാറക്കുന്ന് വാട്ടർ സപ്ലൈ സ്കീം തൂതപ്പുഴയിൽനിന്ന് സോഴ്സ് കണ്ടുകൊണ്ട് ഉണ്ടാക്കിയ ഒരു പദ്ധതിയാണ്. 1971-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. 1994 ആയപ്പോൾ അതിന്റെ പൈപ്പ് ഇട്ട് കിണർ കുഴിച്ച് സോഴ്സും മറ്റു കാര്യങ്ങളും കണ്ടെത്തിയതാണ്. ഇതുവരെയായിട്ടും ആ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ അനക്കര, പട്ടിത്തറ, കപ്പൂർ എന്നീ മൂന്നു പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതിയാണ് പഞ്ചായത്തിലെ തറക്കുളം വാട്ടർ സപ്ലൈ സ്കീം. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് കുറേക്കാലമായി. അതിന്റെ എസ്റ്റിമേറ്റും കാര്യങ്ങളും ഗവൺമെന്റിലേയ്ക്ക് വന്നിട്ട് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ 1979-ൽ പ്രവൃത്തി ആരംഭിച്ച തൃത്താല, തിരുമിറ്റക്കോട്, നാഗലശ്ശേരി പഞ്ചായത്തുകളിലെ കൃഷിക്ക് ഉപയുക്തമായിട്ടുള്ള ഒരു മൈനർ ഇറിഗേഷൻ പദ്ധതിയാണ് തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. അതിന്റെ കനാൽ നിർമ്മിച്ചുകഴിഞ്ഞു. ആ കനാലിൽ ഇപ്പോൾ ആളുകൾ കൈയേറി അതിൽ വീടുകൾവച്ച് കൃഷിയും മറ്റുംചെയ്ത് അത് ഉപയോഗശൂന്യമാക്കിയിരിക്കുകയാണ്. ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, തൃത്താല നിയോജകമണ്ഡലത്തിലെ അനക്കര, കപ്പൂർ, പട്ടിത്തറ എന്നീ പഞ്ചായത്തുകളിലെ സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടിയുള്ള പ്രിലിമിനറി സർവ്വേ റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. അതു സംബന്ധിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറായിക്കൊണ്ടിരിക്കുന്നു. പരതൂർ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി തൂതപ്പുഴ ഉറവിടമാക്കിയിട്ടുള്ള ഒരു പദ്ധതിക്ക് 15.3.93-ൽ 135 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഇൻഫിൽട്രേഷൻ ഗ്യാലറിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കിണർനിർമ്മാണം 60 ശതമാനം പൂർത്തീകരിച്ചപ്പോൾ അടിഭാഗം കളിമണ്ണാണെന്നു കണ്ടെത്തിയതിനെത്തുടർന്ന് മണ്ണുപരിശോധന നടത്തുകയുണ്ടായി. കിണറിന്റെ അടിഭാഗം കരിങ്കല്ലും കൽപ്പൊടിയും ഉപയോഗിച്ച് ബലപ്പെടുത്തണമെന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വെൽ-കം-പമ്പ്-ഹൗസ് നിർമ്മിക്കാൻ സാങ്കേതികമായി സാധ്യമല്ല എന്ന നിർദ്ദേശമാണ് കിട്ടിയിട്ടുള്ളത്. അതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്. ഈ പദ്ധതിക്ക് ആവശ്യമായ ഭൂതല സംഭരണിയുടെ നിർമ്മാണവും പമ്പിംഗ് മെയിനിന്റെ നിർമ്മാണ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു റെയിൽവേ ക്രോസിംഗ് ഒഴികെ വിതരണ ശൃംഖലയ്ക്ക് ആവശ്യമായ 30 കിലോമീറ്ററിനുള്ള പൈപ്പുകൾ ലഭിച്ചിട്ടുണ്ട്. ഈ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ ടെൻഡർ ചെയ്തുകഴിഞ്ഞു. ഈ പദ്ധതി 2001 മാർച്ച് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തൃത്താല നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിന്റെ ഭാഗമായി ജലസേചനത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഏനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണികൾ ആരംഭിച്ചത് 1979-ലാണ്. കനാലിന്റെ പണികൾ 1991-ൽ പൂർത്തിയായി. ഇലക്ട്രിക്കൽ പണികൾക്കുള്ള ദർഘാസുകൾ അടിയന്തിരമായി പരിഗണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആ പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതാണ്.

16. വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം ലഭ്യമാക്കൽ

ശ്രീ. പി. നാരായണൻ : സർ, വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം കിട്ടുന്നതിനുവേണ്ടി എൽ.ഐ.സിയിൽനിന്നും ഒരു കോടി പത്തുലക്ഷം രൂപ കടമെടുത്ത് വൈക്കം മുനിസിപ്പാലിറ്റി ഒരു സ്കീമിനു രൂപ കൊടുത്തിരുന്നു. വാട്ടർ അതോറിറ്റിയുടെ കോട്ടയം ഡിവിഷന്റെ കീഴിലുള്ള ഈ സ്കീമിൽക്കൂടി വൈക്കത്ത് വെള്ളം കൊടുത്തുകൊണ്ടിരുന്നതാണ്. 1991-ൽ ഈ സ്കീമിന്റെ പ്രവർത്തനം മുഴുവൻ പിറവം മണ്ഡലത്തിലാക്കി എറണാകുളം ഡിവിഷന്റെ കീഴിലാക്കുകയും പണം മുടക്കിയ വൈക്കത്തുകാർക്ക് ശുദ്ധജലം കിട്ടാതെ വരികയും ചെയ്തു. തെറ്റായ ഈ നടപടി പിൻവലിച്ച് ഈ സ്കീമിന്റെ പ്രവർത്തനം വൈക്കം നിയോജകമണ്ഡലത്തിലേക്ക് തിരികെ കൊണ്ടുവരികയും വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും ശുദ്ധജലം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പിലാക്കിയ വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി 1981-ൽ കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതിയുടെ ഹെഡ് വർക്സ് എറണാകുളം ജില്ലയിലെ പിറവം പഞ്ചായത്തിലെ കക്കാട് എന്ന സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്. ഈ പദ്ധതി കോട്ടയം പബ്ലിക് ഹെൽത്ത് ഡിവിഷന്റെ കീഴിൽ വൈക്കം വാട്ടർ സപ്ലൈ പ്രോജക്ട് സബ് ഡിവിഷൻ മുഖേന നിർമ്മാണം പൂർത്തിയായി കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ട വൈക്കം, ഉദയനാപുരം, മറവൻതുരുത്ത്, ചെമ്പ്, വെച്ചൂർ, തലയാഴം, ടി.വി.പുരം, തലയോലപ്പറമ്പ് എന്നീ പഞ്ചായത്തുകൾ വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ടതും കടുത്തുരുത്തി, മുളംകുളം എന്നീ പഞ്ചായത്തുകൾ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ടതുമാണ്. ഈ പ്രദേശങ്ങൾ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കോട്ടയം പബ്ലിക് ഹെൽത്ത് ഡിവിഷന്റെ അധികാര പരിധിയിൽപ്പെട്ടതാണ്. പിറവം നിയോജകമണ്ഡലത്തിലെ പിറവം പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിന്റെ ചുമതലയും ഈ പദ്ധതിയുടെ പൂർണ്ണമായ നിയന്ത്രണവും 1991 വരെ കോട്ടയം ഡിവിഷന്റെ കീഴിലായിരുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷിയായ 9 ദശലക്ഷം ലിറ്റർ വെള്ളത്തിൽ ഏകദേശം 15 ശതമാനം മാത്രമാണ് പിറവം പഞ്ചായത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. ബാക്കിവരുന്ന 85 ശതമാനം ജലം കോട്ടയം ഡിവിഷന്റെ കീഴിൽവരുന്ന വൈക്കം മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും വിതരണം ചെയ്യാനാണ് പദ്ധതി രൂപകല്പന ചെയ്തിരിന്നത്. എന്നാൽ പിന്നീട് വിതരണശൃംഖല നീട്ടിയതുമൂലം ആവശ്യത്തിന് ജലം തികയാതെ

LIBRARY ARCHIVES Kerala Legislative Assembly